മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 11

# വാർത്താക്കുറിപ്പ് (2)

---

## പ്രഭാഷണം ഇന്ന് (മെയ് 12 )

കെട്ടിട നിർമാണ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്ന താപ വികിരണത്തെ കുറയ്ക്കുന്ന പോളിമർ പദാർത്ഥങ്ങളുടെ ഉത്പാദന രംഗത്ത് പ്രവർത്തിക്കുന്ന മോസ്കോ (റഷ്യ) യിൽ നിന്നുള്ള പ്രമുഖ വ്യവസായിയും ഉയർന്ന പ്രയോഗക്ഷമതയുള്ള ഇൻസുലേഷൻ പോളിമർ പദാർത്ഥങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായുള്ള ഗവേഷണ പ്രവർത്തനങ്ങളിൽ നിർണായക സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള ഡോ. ടെർ സകറിയൻ കെ.എ. 'പോളിമർ ഫോംസ് മേഖലയിലെ നൂതന ശാസ്ത്ര-സാങ്കേതിക വിദ്യകൾ' എന്ന വിഷയത്തെക്കുറിച്ച് ഇന്ന് (മെയ് 12 ) ഉച്ചക്ക് രണ്ട് മണിക്ക് പ്രഭാഷണം നടത്തുന്നു. മഹാത്മാഗാന്ധി സർവ്വകലാശാല ആസ്ഥാനത്തെ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ നടക്കുന്ന പരിപാടിയിൽ നേരിട്ടും http//meet.google.com/ppo-kwex-zxw എന്ന ലിങ്ക് മുഖേന ഓൺലൈനായും പങ്കെടുക്കാം. പോളിമർ ശാസ്ത്ര രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞൻ കൂടിയായ വൈസ് ചാൻസലർ ഡോ. സാബു തോമസും പരിപാടിയിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/582/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ